## അനുബന്ധം -1

i) അനെർട്ട് ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളായ 10000 സൗരഗൃഹപദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജോത്പാദന പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് ഊർജ്ജ വകുപ്പ് സെക്രട്ടറി, അനെർട്ട് ഉദ്യോഗസ്ഥർ, പദ്ധതികൾക്കായി അനെർട്ട് പട്ടികയിൽപ്പെടുത്തിയ ഏജൻസികൾ എന്നിവരുടെ യോഗം നടത്തി പദ്ധതി അവലോകനം നടത്താറുണ്ട് .

ii) സൗരോർജ്ജ തെരുവു വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയതിൽ പ്രധാനമായി കണ്ടെത്താൻ കഴിഞ്ഞത് 2 കാര്യങ്ങളാണ്.
ഒന്നാമത്തേത് സ്ഥാപിക്കുന്ന സൗരോർജ്ജ തെരുവു വിളക്കുകൾക്ക് പ്രകാശം കുറവാണെന്നായിരുന്നു . ആയത് പരിഹരിക്കുന്നതിനായി അനെർട്ട് തയ്യാറാക്കിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കൂടുതൽ പ്രകാശം ലഭിക്കുന്ന സോളാർ എൽ.ഇ.ഡി. ലൈറ്റുകളാണ് സ്ഥാപിച്ചു വരുന്നത്.

രണ്ടാമത്, സോളാർ തെരുവ് വിളക്കിന്റെ ബാറ്ററി മോഷണം പോകുന്നു എന്നതാണ്. അതാത് പോസ്റ്റുകളിൽ സോളാർ പാനലും ബാറ്ററിയും ഘടിപ്പിക്കുന്ന സൗരോർജ്ജ തെരുവ് വിളക്കുകളിൽ ഇതിന്റെ ബാറ്ററികൾ മോഷണം പോകുന്നതായി കണ്ടുവരുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിനായി സോളാർ പാനലുകളും ബാറ്ററികളും സെന്റ്രലൈസ്ഡ് ആയി ഒരു സ്ഥലത്ത് സ്ഥാപിച്ചതിന് ശേഷം പോസ്റ്റുകളിൽ ലൈറ്റ് യൂണിറ്റുകൾ മാത്രം സ്ഥാപിച്ച് പ്രവർത്തിക്കുന്ന തരത്തിലുള്ള സൗരോർജ്ജ തെരുവു വിളക്കുകളുടെ പദ്ധതി പരിഗണിക്കുന്നുണ്ട്.

iii) സൗരോർജ്ജ റാന്തലിന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിരുന്നു. ഇതിൽ പ്രധാനമായും കണ്ടെത്താൻ കഴിഞ്ഞത് സൗരോർജ്ജ റാന്തൽ വാങ്ങുന്ന ഗുണഭോക്താക്കൾ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ചോ റാന്തലിന്റെ പ്രവർത്തനം സംബന്ധിച്ചോ കാര്യങ്ങൾ മനസ്സിലാക്കാതെ പ്രവർത്തിപ്പിക്കുന്നതുകൊണ്ടുള്ള പോരായ്മകളാണ്. ഇത് പരിഹരിക്കുന്നതിനായി അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും റാന്തലുകൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് അപ്പോൾ തന്നെ ഇതിന്റെ പ്രവർത്തനം വിശദമാക്കിക്കൊടുത്തുവരുന്നു. കൂടാതെ വാറണ്ടി പിരീഡിലുള്ള റാന്തലുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി തീർക്കുന്നതിനായി ഈ വർഷം മുതൽ ഓരോ ജില്ലയിലും അനെർട്ടിന്റെ ജില്ലാ ഓഫീസിന്റെ 1 കി.മീ. ചുറ്റളവിൽ റാന്തലുകൾ നന്നാക്കുന്നതിനുള്ള സർവ്വീസ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

TABLE-18

## ANNUAL GENERATION FROM RENEWABLE SOURCES

| Sl. No. | Stations | Installed capacity (MW) | Annual Generation (MU) | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 |
| I | **Small Hydro (KSEB)** | | | | | | | | |
| 1 | Kallada | 15 | 73.03 | 46.34 | 60.42 | 72.25 | 65.63 | 25.54 | 67.55 |
| 2 | Peppara | 3 | 8.18 | 5.52 | 6.05 | 9.75 | 8.20 | 3.69 | 7.63 |
| 3 | Malankara | 10.5 | 43.70 | 33.49 | 32.46 | 36.90 | 31.94 | 26.69 | 30.38 |
| 4 | Madupetty | 2 | 6.91 | 5.74 | 1.91 | 2.28 | 1.22 | 2.49 | 5.75 |
| 5 | Chembukadavu | 6.45 | 9.28 | 10.03 | 8.46 | 13.54 | 11.99 | 9.52 | 12.42 |
| 6 | Urumi | 6.15 | 13.77 | 11.79 | 11.58 | 15.94 | 13.27 | 10.79 | 13.67 |
| 7 | Malampuzha | 2.5 | 0 | 0 | 0 | 0 | 2.77 | 1.94 | 4.96 |
| 8 | Lower Meenmutty | 3.5 | 4.92 | 4.11 | 3.43 | 7.20 | 4.86 | 8.01 | 5.62 |
| 9 | Kuttiyadi Tailrace | 3.75 | -- | 5.76 | 4.62 | 4.35 | 8.57 | 8.00 | 7.96 |
| 10 | Poringalkuthu LBE | 16 | 59.94 | 109.62 | 108.82 | 120.69 | 102.15 | 99.86 | 114.03 |
| 11 | Neriamangalam Extention | 25 | -- | 47.41 | 92.60 | 95.48 | 63.03 | 94.52 | 143.66 |
| 12 | Poozhithode | 4.8 | -- | -- | -- | -- | 9.36 | 10.67 | 12.10 |
| 13 | Ranni Perinadu | 4 | -- | -- | -- | -- | 0.21 | 6.15 | 9.52 |
| 14 | Peechi | 1.25 | -- | -- | -- | -- | -- | 0.26 | 3.29 |
| II | **Small Hydro (CPP)** | | | | | | | | |
| 1 | Maniyar | 12 | 38.52 | 25.30 | 33.79 | 41.24 | 36.91 | 21.49 | 39.72 |
| 2 | Kuthungal | 21 | 62.88 | 38.42 | 34.25 | 47.05 | 44.16 | 22.95 | 42.48 |
| III | **Small Hydro (IPP)** | | | | | | | | |
| 1 | Ullunkal | 7 | -- | 3.12 | 19.83 | 24.29 | 23.16 | 14.37 | 23.62 |
| 2 | Iruttukkanam | 4.5 | -- | -- | -- | 8.87 | 17.62 | 18.56 | 23.06 |
| 3 | Karikkayam | 10.5 | -- | -- | -- | -- | -- | -- | 17.18 |
| 4 | Pampumkayam | 0.11 | -- | -- | -- | -- | -- | 0.13 | 0.25 |
| IV | **Wind (KSEB)** | | | | | | | | |
| 1 | Kanjikode | 2.025 | 1.96 | 1.68 | 1.84 | 1.51 | 2.03 | 1.76 | 1.80 |
| V | **Wind (IPP)** | | | | | | | | |
| 1 | Ramakkalmedu | 14.25 | -- | 21.72 | 32.54 | 29.39 | 31.27 | 30.91 | 33.21 |
| 2 | Agali | 18.6 | -- | 10.28 | 35.07 | 33.48 | 35.71 | 38.06 | 40.86 |
| VI | **Cogeneration (IPP)** | | | | | | | | |
| 1 | MPS Steel | 10 | -- | -- | 37.16 | 38.68 | 20.51 | 7.43 | 26.18 |
| 2 | PCBL | 10 | -- | -- | -- | -- | 36.85 | 31.35 | 23.17 |
| | **Total** | **213.885** | **323.09** | **380.34** | **524.82** | **602.89** | **571.43** | **495.15** | **710.09** |

